"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കാന്തല്ലൂർ പഞ്ചായത്ത് സംഘടിപ്പിക്കുന്ന കോഫി ഫെസ്റ്റിവൽ & ഫ്ലവർഷോ - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.12/2025/TSM തീയതി,തിരുവനന്തപുരം, 08-01-2025

---

പരാമർശം:- 1. ബഹു.ദേവികുളം എം.എൽ.എ അഡ്വ. എ രാജ സമർപ്പിച്ച 29.11.2024 തീയതിയിലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 17.12.2024 തീയതിയിലെ DOT/4631/2024-M1 നം കത്ത്.

**ഉത്തരവ്**

ഇന്ത്യയിലെ മികച്ച ടൂറിസം വില്ലേജായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കാന്തല്ലൂർ പഞ്ചായത്തിൽ 2024 ഡിസംബർ 23 മുതൽ ജനുവരി 1 വരെ സംഘടിപ്പിക്കുന്ന കോഫി ഫെസ്റ്റിവലിനും,ഫ്ലവർഷോയ്ക്കും ടൂറിസം വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു ദേവികുളം എം.എൽ.എ അഡ്വ എ രാജ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാന്തല്ലൂരിലേക്കെത്തുന്ന ടൂറിസ്റ്റുകൾക്ക് പ്രദേശത്തെ മില്ലറ്റ് വിഭവങ്ങൾ പരിചയപ്പെടുത്തുന്നതിനും, ആദിവാസി കലാരൂപങ്ങളുടെ പ്രൊമോഷനും, കാന്തല്ലൂർ വെളുത്തുള്ളി, മറയൂർ ശർക്കര തുടങ്ങി ഭൗമസൂചിക പദവി ലഭിച്ച ഉല്പന്നങ്ങളുടെ വിപണന സ്റ്റാളുകളും, കീഴാന്തൂർ കാപ്പിയുടെ പ്രചരണവും ലക്ഷ്യം വച്ച് കാന്തല്ലൂർ പഞ്ചായത്ത് ഭരണസമിതിയും , വിവിധ സംഘടനകളും സംഘടിപ്പിക്കുന്ന കോഫി ഫെസ്റ്റിവലിനും, ഫ്ലവർഷോയ്ക്കും 3452-80-104-99- 01 വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും ₹20,000/- (ഇരുപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ബഹു.ദേവികുളം എം.എൽ.എ അഡ്വ. എ രാജ ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 09-01-2025 11:05:18

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്